**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3290** **11-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ യു.പി. അദ്ധ്യാപക തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിലെ യു.പി. മലയാളം മീഡിയം അദ്ധ്യാപക തസ്തികയിലെ 2024-25 വർഷത്തെ തസ്തിക നിർണയം 2024 ഡിസംബർ 31-ന് മുൻപ് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **തിരുവനന്തപുരം ജില്ലയിലെ യു.പി. മലയാളം മീഡിയം അദ്ധ്യാപക തസ്തികയിലെ 2024-25 വർഷത്തെ തസ്തിക നിർണയം 2024 ഡിസംബർ 31-ന് മുൻപ് പൂർത്തിയായിട്ടുണ്ട്.** |
| (ബി) | 2024-25 ലെ അധിക തസ്തിക നിർണയ പ്രകാരം തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി. അദ്ധ്യാപകർക്കായി പ്രൊപ്പോസൽ നല്കിയിട്ടുള്ള ഒഴിവുകളുടെ എണ്ണം, സ്കൂളിന്റെ പേര് എന്നിവ വിശദമാക്കാമോ; | (ബി) | **2024-25 ലെ അധിക തസ്തിക നിർണയ പ്രകാരം തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി. അദ്ധ്യാപകർക്കായി പ്രൊപ്പോസൽ നല്കിയിട്ടുള്ള ഒഴിവുകളുടെ എണ്ണം അനുബന്ധം I ആയി ചേർക്കുന്നു.** |
| (സി) | 2024-25 അധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നഷ്ടമായ പി.ഡി.റ്റി./യു.പി.എസ്.റ്റി. തസ്തികകൾ എത്രയെന്ന് വിശദമാക്കാമോ; | (സി) | 2024-25 അധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 68 യു.പി.എസ്.റ്റി. തസ്തികകൾ നഷ്ടമായിട്ടുണ്ട്. |
| (ഡി) | 1.1.2016 മുതൽ 2024 നവംബർ വരെ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ ആകെ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; ഇതിൽ എത്രയെണ്ണമാണ് കേഡർ സ്ട്രെങ്ത് അനുസരിച്ച് ബൈട്രാൻസ്ഫർ നിയമനത്തിന് വേണ്ടി മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ വിഷയത്തിനും കേഡർ സ്ട്രെങ്ത് അനുസരിച്ച് എത്ര ബൈട്രാൻസ്ഫർ ഒഴിവുകളാണ് മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഡി) | എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ **കാലങ്ങളായി ഉണ്ടാകുന്ന ഒഴിവുകൾ നികത്തിയിരിക്കുന്നതിനാൽ 01/01/2016 മുതൽ 2024 നവംബർ വരെയുള്ള ഒഴിവുകൾ കണക്കാക്കുവാൻ കഴിയുകയില്ല. നിലവിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിൽ 537 ഒഴിവുകൾ ഉണ്ട്. കൂടാതെ 01/01/2016 മുതൽ 28/12/2020 വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്ക് 11/08/2020 തീയതിയിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ട്. ആയതിൽ 106 NJD ഒഴിവുകൾ നിലവിലുണ്ട്. കൂടാതെ 29/12/2020 മുതൽ 295 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്.**<br><br>**ഹയർസെക്കൻഡറി സ്പെഷ്യൽ റൂൾസ് പ്രകാരം ആകെ തസ്തികയുടെ 25% ഒഴിവുകൾ ആണ് തസ്തിക മാറ്റനിയമനത്തിനായി നിജപ്പെടുത്തിയിരിക്കുന്നത്. തസ്തിക തിരിച്ചുള്ള ഒഴിവുകളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.** |

| | | | |
|---|---|---|---|
| (ഇ) | എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് കേഡർ സ്ട്രെങ്ത് അനുസരിച്ചുള്ള ബൈട്രാൻസ്ഫർ നിയമനം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബൈട്രാൻസ്ഫർ ഒഴിവുകളുടെ വിഷയം തിരിച്ചുള്ള ആകെ എണ്ണത്തിൽ എച്ച്.എസ്.എ, പി.ഡി ടീച്ചർ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവയ്ക്ക് എത്ര വീതമാണുള്ളതെന്ന വിവരം തരംതിരിച്ച് വ്യക്തമാക്കാമോ? | (ഇ) | 01/07/2023 -ലെ G.O.(P)8/2023/GEDN നമ്പർ ഉത്തരവ് പ്രകാരം 29/12/2020 മുതൽ ഉള്ള എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലേയ്ക്കുള്ള തസ്തിക മാറ്റ നിയമനങ്ങൾ പി.എസ്.സി മുഖേന നികത്താൻ ഉത്തരവായിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് തസ്തിക മാറ്റത്തിനായി എച്ച്.എസ്.എ, പി.ഡി ടീച്ചർ, ലാബ് അസിസ്റ്റന്റ്, മിനിസ്റ്റീരിയൽ സ്റ്റാഫ് വിഭാഗങ്ങൾക്കായി മാറ്റി വച്ചിട്ടുള്ള ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

**2024-25 -ലെ അധിക തസ്തിക നിർണയ പ്രകാരം തിരുവനന്തപുരം**

**ജില്ലയിലെ യു.പി.എസ്.ടി തസ്തികയിലെ ഒഴിവുകളുടെ എണ്ണം**

| ക്രമ നമ്പർ | സ്കൂൾ | എണ്ണം |
|---|---|---|
| 1. | ഗവ.എച്ച്.എസ്. പാളയംകുന്ന് | 1 |
| 2. | ഗവ. യു.പി.എസ് മഞ്ചവിളാകം | 1 |
| 3. | ഗവ. യു.പി.എസ് വെള്ളറട | 1 |
| 4. | ഗവ. യു.പി.എസ് ആട്ടുകാൽ | 2 |
| 5. | ഗവ. യു.പി.എസ് ആറ്റിൻപുറം | 1 |
| 6. | ഗവ. എച്ച് എസ് കുളത്തൂർ | 1 |
| 7. | ഗവ. എച്ച് എസ് കന്യാകുളങ്ങര | 1 |
| 8. | ഗവ. എച്ച് എസ് കീഴാറൂർ | 1 |
| | ആകെ | 9 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

**ഹയർ സെക്കന്ററി (ജൂനിയർ) തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനം സംബന്ധിച്ച് തസ്തിക തിരിച്ചുള്ള ഒഴിവുകൾ**

| വിഷയം | 29/12/2020 മുതൽ ഉള്ള ഒഴിവുകൾ | 11/08/2022 ലെ NJD ഒഴിവുകൾ |
|---|---|---|
| ഗണിതം | 25 | 11 |
| കെമിസ് ട്രി | 42 | 4 |
| ഫിസിക്സ് | 0 | 5 |
| കമ്പ്യൂട്ടർ സയൻസ് | 13 | 2 |
| ഹിന്ദി | 26 | 9 |
| അറബിക് | 8 | 7 |
| തമിഴ് | 1 | 0 |
| ഹിസ്റ്ററി | 18 (10 VACANCY STAYED BY KAT) | 6 |
| പൊളിറ്റിക്കൽ സയൻസ് | 18 | 0 |
| മലയാളം | 8 | 24 |
| സംസ്കൃതം | 4 | 1 |
| സ്റ്റാറ്റിസ്റ്റിക്സ് | 1 | 0 |
| ഇക്കണോമിക്സ് | 57 | 4 |
| കൊമേഴ്സ് | 17 | 8 |
| ജോഗ്രഫി | 4 | 2 |
| സുവോളജി | 28 | 14 |
| ബോട്ടണി | 19 | 6 |
| സോഷ്യോളജി | 4 | 3 |
| സൈക്കോളജി | 1 | 0 |
| കന്നട | 1 | 0 |

Sinji

സെക്ഷൻ ഓഫീസർ

## അനുബന്ധം III

### ഹയർ സെക്കന്ററി (ജൂനിയർ) തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിനായി എച്ച്.എസ്.എ,യു.പി.എസ്.എ/എൽ.പി.എസ്.എ, മിനി-സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് വിഭാഗങ്ങൾക്കായി മാറ്റി വച്ചിട്ടുള്ള ഒഴിവുകൾ

| വിഷയം | എച്ച്.എസ്.എ | യു.പി.എസ്എ /എൽ.പി.എസ്.എ, | മിനി. സ്റ്റാഫ് | ലാബ് അസിസ്റ്റന്റ് |
|---|---|---|---|---|
| ഗണിതം | 23 | 9 | 3 | 1 |
| കെമിസ് ട്രി | 32 | 9 | 3 | 2 |
| ഫിസിക്സ് | 3 | 1 | 1 | 0 |
| കമ്പ്യൂട്ടർ സയൻസ് | 11 | 2 | 1 | 1 |
| ഹിന്ദി | 21 | 8 | 4 | 2 |
| അറബിക് | 9 | 4 | 2 | 0 |
| തമിഴ് | 1 | 0 | 0 | 0 |
| ഹിസ്റ്ററി | 10 | 2 | 1 | 1 |
| പൊളിറ്റിക്കൽ സയൻസ് | 12 | 3 | 1 | 1 |
| മലയാളം | 21 | 7 | 4 | 0 |
| സംസ്കൃതം | 3 | 1 | 1 | 0 |
| സ്റ്റാറ്റിസ്റ്റിക്സ് | 1 | 0 | 0 | 0 |
| ഇക്കണോമിക്സ് | 42 | 13 | 4 | 3 |
| കൊമേഴ്സ് | 21 | 0 | 3 | 1 |
| ജോഗ്രഫി | 3 | 2 | 1 | 0 |
| സുവോളജി | 25 | 11 | 5 | 1 |
| ബോട്ടണി | 17 | 5 | 2 | 1 |
| സോഷ്യോളജി | 4 | 2 | 1 | 0 |
| സൈക്കോളജി | 1 | 0 | 0 | 0 |
| കന്നട | 0 | 0 | 1 | 0 |

Siji

സെക്ഷൻ ഓഫീസർ